# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 262 — 06-10-2016 ൽ മറുപടിക്ക്

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

**ചോദ്യം**

ശ്രീ. ഇ.കെ. വിജയൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ.ആർ. രാമചന്ദ്രൻ
" എൽദോ എബ്രഹാം

**ഉത്തരം**

പ്രൊഫ.സി.രവീന്ദ്രനാഥ്
( വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (ASAP) ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) | ഹയർ സെക്കണ്ടറി, ബിരുദ വിദ്യാർത്ഥികൾക്ക് റെഗുലർ പഠനത്തോടൊപ്പം താല്പര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ മുഖ്യ ഉദ്ദേശം. ഇതുവഴി 3,10,200 വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ മേഖലയിൽ വൈദഗ്ധ്യം നൽകുവാൻ ലക്ഷ്യമിട്ടിരുന്നു. ഇന്റസ്ട്രിയുടേയും, സർക്കാരിന്റെയും സംയുക്ത സർട്ടിഫിക്കേഷൻ നൽകുവാനും ഉദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | സ്കൂൾ , കോളേജ് വിദ്യാർഥികൾക്കിടയിൽ അസാപ് , സ്റ്റേറ്റ് സ്കിൽ ഡവലപ്മെന്റ് പ്രോജെക്റ്റ് തുടങ്ങിയവ ഉണ്ടാക്കിയിട്ടുള്ള സ്വാധീനം എത്രത്തോളമാണെന്ന് വിശദീകരിക്കുമോ; | (ബി) | അസാപ് പരിശീലനം പൂർത്തിയാക്കിയ വിദ്യാർഥികളുടെ തൊഴിൽക്ഷമതാ പഠനം നടത്തിയ ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ കൺസൾട്ടന്റ് ഏജൻസി അസാപ് പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് പരിശീലനം സിദ്ധിക്കാത്ത വിദ്യാർഥികളെക്കാൾ ഇംഗ്ലീഷ് ഭാഷാ പ്രവീണ്യം, ദത്ത ശേഖരണം, അവലോകനം, ക്വാണ്ടിറ്റേറ്റീവ് എബിലിറ്റി, വ്യക്തികത മികവ് എന്നിവയിൽ മുന്നിട്ട് നിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.<br><br>ഹയർസെക്കൻഡറി സ്കൂളുകളിലെയും ആർട്സ് & സയൻസ് കോളേജുകളിലെയും അസാപ് പരിശീലനം പൂർത്തിയാക്കിയ വിദ്യാർഥികളിൽ മികച്ച ആശയ വിനിമയ പാടവവും കമ്പ്യൂട്ടർ |

| | | | |
|---|---|---|---|
| | | | ഉപയോഗക്ഷമതയും കണ്ടുവരുന്നു. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട നൈപുണ്യ പരിശീലനം വിദ്യാർഥികളിൽ അതതു മേഖലകളിലെ തൊഴിൽ അഭിരുചിയും കാര്യനിർവഹണ പാടവവും വർദ്ധിച്ചതായി കാണുന്നു. വിദ്യാർത്ഥികൾക്ക് തൊഴിൽ ചെയ്യുന്നതിനുള്ള ആഭിമുഖ്യം വർദ്ധിച്ചതായും കാണുന്നു.<br>അസാപ്പിന്റെ ഭാഗമായി നടത്തപ്പെടുന്ന ട്രെയിനിംഗ് പാർട്ണർ സ്കിൽ പരിശീലനം ലഭിച്ച വിദ്യാർത്ഥികളെ അസാപ്പിന്റെ സ്കിൽ ഡവലപ്മെന്റ് എക്സിക്യൂട്ടീവുകൾക്ക് ആവശ്യമായി മികച്ച അഭിമുഖ പരീക്ഷാ പാടവവും ആശയ വിനിമയ ശേഷിയും നേടിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട് . ഇവരിൽ 700-ൽ അധികം പേർ അസാപ്പിന്റെ പരിശീലകരായി പ്രവർത്തിക്കുന്നു.<br>അസാപ് പരിശീലനം പൂർത്തി യാക്കിയ നിരവധി വിദ്യാർഥികൾ വ്യത്യസ്ത തൊഴിൽ മേഖലകളിൽ തൊഴിൽ നേടിയിട്ടുള്ളതായും മികച്ച പ്രവർത്തനം നടത്തുന്നതായും തൊഴിൽ മേഖലകളിൽ നിന്നും വിവരം ലഭിച്ചി ട്ടുണ്ട്. അസാപ്പ് അതിന്റെ സ്കിൽ ഡവലപ്മെന്റ് സെന്ററുകളിൽ ലഭ്യമാക്കിയിട്ടുള്ള നെറ്റ്‌വർക്ക് കമ്പ്യൂട്ടർ ലാബുകളും, നവീകരിച്ച ക്ലാസ്സ് മുറികളും പഠന സൗകര്യങ്ങളും അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപനത്തിന് ഉപയോഗപ്പെടുത്തുന്നത് വഴി ഈ സ്ഥാപനങ്ങളിലെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. |
| (സി) | അസാപ് വിപുലപ്പെടുത്തുന്നത് സംബ ന്ധിച്ച് എന്തെങ്കിലും ആലോചന യുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ആദ്യ ഘട്ടത്തിൽ ഹയർസെക്കൻഡറി ആർട്സ് & സയൻസ് കോളേജ് വിദ്യാർഥി കൾക്കു മാത്രം നൽകിയിരുന്ന അസാപ് പരിശീലനം ഇപ്പോൾ വോക്കേഷണൽ ഹയർസെക്കൻഡറി വിദ്യാർഥികൾക്കും നൽകിവരുന്നു. കേരളത്തിലെ യൂണി വേഴ്സിറ്റികളുടെ സഹകരണത്തോടെ കോളേജുകളിലെ വിദ്യാർഥികൾക്ക് യൂണിവേഴ്സിറ്റി ഇന്റഗ്രേഷൻ മോഡലിൽ നൈപുണ്യ പരിശീലനം ഈ വർഷം മുതൽ ആരംഭിക്കുകയാണ്. |

സെക്ഷൻ ഓഫീസർ